## പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1974** **18.06.2013 ൽ മറുപടിയ്ക്ക്**

## കടൽ കാറ്റിൽ നിന്നും വൈദ്യുതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ കടൽത്തീരത്തെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനം ഏതെങ്കിലും ഏജൻസി നടത്തിയിട്ടുണ്ടോ;<br>(ബി) എങ്കിൽ ഏത് ഏജൻസിയാണെന്നും, പഠനത്തിൽ കണ്ടെത്തിയ വിവരങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;<br>(സി) പ്രസ്തുത പദ്ധതി ലാഭകരമായി നടപ്പിലാക്കാനാവുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിർവ്വഹണം ഏതു രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന കാര്യം വ്യക്തമാക്കുമോ? | <u>(എ)യും(ബി)യും(സി)യും</u><br>കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റെ കീഴിൽ ചെന്നൈ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെന്റർ ഫോർ വിന്റ് എനർജി ടെക്നോളജി (C-WET) എന്ന സ്ഥാപനമാണ് ഇത്തരത്തിലുള്ള പഠനപ്രവർത്തനങ്ങൾ നടത്തുന്നതും ഇതിനു വേണ്ട സാങ്കേതിക സഹായം സംസ്ഥാന നോഡൽ ഏജൻസികൾക്ക് നൽകുന്നതും. ഈ സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുള്ള വിവരം അനുസരിച്ച് തീരക്കടലിലെ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന ശാസ്ത്രീയപഠനം സംസ്ഥാനത്ത് നടത്തിയിട്ടില്ല.<br>കേരളത്തിന്റെ കടൽ തീരത്തെ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള സാധ്യതാപഠനം C-WET ന്റെ സാങ്കേതിക സഹായത്തോടെ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പഠനങ്ങൾക്കുശേഷമേ ഇതു സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ വ്യക്തമാക്കാൻ സാധിക്കുകയുള്ളു. |

**സെക്ഷൻ ഓഫീസർ**